**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5040** **11-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രയോജനം ഉൾവനങ്ങളിലുള്ള ഏതെല്ലാം പട്ടികവർഗ കോളനികൾക്കാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ; കൂടുതൽ പട്ടികവർഗ കോളനികളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് അനുമതി നൽകുമോ; ഇതിനായി നടപടി സ്വീകരിക്കുമോ; | (എ) | അമ്പുമല, മുണ്ടികടവ്, നെടുങ്കയം, ഉച്ചക്കുളം എന്നീ ആദിവാസി ഊരുകളിൽ 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' നിലവിൽ പ്രവർത്തിച്ചു വരുന്നു. പട്ടികവർഗ്ഗ കോളനികളിൽ റേഷൻ സാധനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സഞ്ചരിക്കുന്ന റേഷൻ കടകൾ വഴി അരിയും ഗോതമ്പും ഭക്ഷ്യക്കിറ്റുകളും മാത്രമേ വിതരണം ചെയ്യാൻ കഴിയുന്നുള്ളൂവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വൈദ്യുതീകരണം നടക്കാത്ത പട്ടികവർഗ കോളനികളിലേക്ക് മണ്ണെണ്ണയും പഞ്ചസാരയും അടക്കമുള്ളവ സഞ്ചരിക്കുന്ന റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. പദ്ധതിയുടെ തുടക്കകാലത്ത് സഞ്ചരിക്കുന്ന റേഷൻകടകൾ വഴി മണ്ണെണ്ണ, പഞ്ചസാര എന്നിവ നൽകിയിരുന്നു. എന്നാൽ പണം നൽകി ഈ സാധനങ്ങൾ വാങ്ങുന്നതിന് ഉപഭോക്താക്കൾ തയ്യാറാകാതിരുന്നതിനാൽ നിലവിൽ അരിയും ഗോതമ്പും ഭക്ഷ്യകിറ്റുകളും മാത്രമാണ് വിതരണം ചെയ്യുന്നത്. |
| (സി) | സഞ്ചരിക്കുന്ന റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ യഥാർത്ഥ കാർഡുടമകൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; ഇതിനായി റേഷനിംഗ് ഇൻസ്പെക്ടർ കൂടെ പോകണം എന്ന നിർദ്ദേശം പ്രായോഗികമാണോ എന്നറിയിക്കാമോ; | (സി) | ആദിവാസി മേഖലകളിൽ ഭൂരിഭാഗം കാർഡ് അംഗങ്ങൾക്കും ആധാർ ഇല്ലാത്തതിനാൽ ഇ-പോസ് മുഖാന്തിരമുള്ള റേഷൻ വിതരണം ദുഷ്കരമായതിനാൽ റേഷൻ കാർഡുമായി വരുന്നവർക്കാണ് റേഷൻ നൽകി വരുന്നത്. "സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' യുടെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ റേഷൻ കട ലൈസൻസി, എസ്.ടി പ്രൊമോട്ടർ എന്നിവരാണ് റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നത്. വന്യജീവികളുടെ ആക്രമണം, ഗതാഗത യോഗ്യമല്ലാത്ത കാട്ടുപാതകൾ, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ എന്നിവ പ്രസ്തുത ജീവനക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാറുണ്ട്. ടി സ്ഥലങ്ങളിൽ നെറ്റ് വർക്ക് കവറേജ് ഇല്ലാത്തതിനാൽ വിതരണം ഇ-പോസ് മെഷീൻ ഉപയോഗിച്ച് ബയോമെട്രിക് |

| | | | |
|---|---|---|---|
| | | | സംവിധാനത്തിൽ നടത്തുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്നാൽ യഥാർത്ഥ കാർഡുടമകൾക്ക് റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ റേഷനിംഗ് ഇൻസ്പെക്ടർ, എസ്.ടി പ്രൊമോട്ടർ എന്നിവരുടെ സേവനം സഹായിക്കുന്നുണ്ട്. |
| (ഡി) | വിതരണം ഇ-പോസ് മെഷീൻ ഉപയോഗിച്ച് ബയോമെടിക് സംവിധാനത്തിൽ ആക്കിയാൽ യഥാർത്ഥ കാർഡുടമകൾക്ക് റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ആകില്ലേ എന്നറിയിക്കാമോ; ഇതിനായി നടപടി സ്വീകരിക്കുമോ? | (ഡി) | ക്ലോസ് (സി) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ